

അക്ഷരചിമിഴ്
സെന്റ് തെരേസാസ്
സി ജി എച്ച് എസ് എസ്
എറണാകുളം

# മദർ തെരേസ ഓഫ് സെന്റ് റോസ് ഓഫ് ലീമ




# സി. എസ്. എസ്. ടി വിദ്യാലയങ്ങളുടെ സ്ഥാപക



# ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസീന് എല്ലാ വിധ ആശംസകളും

**Sr.Margie**
**Headmistress**

# പത്രാധിപസമിതി



Sr. Margie (Chief Editor)
DR. Rajani K P (Editor)
Chinchu Xavier(Editor)

## STUDENT EDITORS

1.Angel Mariya
2.Dilruba Bismi
3.Naishana Saiphu
4.Anisha Chowdari

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# 2019-21





# ഈ വർഷം വിരമിക്കുന്ന ഞങ്ങളുടെ പ്രിയ അദ്ധ്യാപിക ആൻസി മിസ്സിന് സ്നേഹം നിറഞ്ഞ ആശംസകൾ

# അക്ഷരചിമിഴ്


ST. TERESA'S CONVENT GIRLS'
HIGHER SECONDARY SCHOOL
ERNAKULAM

# Table of Contents

മിഥ്യയോ സത്യമോ ഈ ജീവിതം.....9
LAND TO LIGHT ON.....10
യാത്രാവിവരണം.....12
അമ്മയെ തിരിച്ചറിഞ്ഞ നാൾ വരെ.......15
അപ്പുവിന്റെ രാത്രി.....16
ത്രികോണവഞ്ചിപ്പാട്ട്.....17
ഉയരട്ടെ.....18
TOMORROWS GOD.....19
ULTIMATE TRUTH.....21
"ഞാൻ കൊണ്ട വെയിലാ .... നിന്റെ തണൽ.........".....23
MYSTERIOUS WAYS.....31
Time is up to control..!.....32
പ്രതീക്ഷ.....36
മഴയും പുഴയും പൂത്തുമ്പികളും.....37
കുസൃതി ചോദ്യങ്ങൾ.....38
മഴയെ സ്നേഹിക്കുന്ന പെൺകുട്ടി.....39
പഴഞ്ചൊല്ലുകൾ.....40
ABOUT OUR MOTHER TONGUE.....41
നിഴൽ (കവിത).....42
മഴ (കവിത).....43
തേനീച്ചക്കൂട്.....44
ജീവിത നൗക (കവിത).....46
(കവിത) സ്വതന്ത്ര ഭാരതമാം ഭൂമി.....48
MY LOVER (poem).....49
FUN QUIZ.....50
അമ്മ.....52
തോറ്റം പാട്ട്.....53
സ്നേഹനൊമ്പരങ്ങൾ.....55
Mathematics.....62
നല്ല കൂട്ടുകാർ.....63
അഗ്നിദേവനും കിളിക്കുഞ്ഞുങ്ങളും.....64
Two Pots.....66
വിശ്വസംഗീതമേ.....68
BETRAYED.....69
കളിച്ച് രസിച്ച് പഠിക്കാം.....71
DIGITAL PAINTING.....74

# മിഥ്യയോ സത്യമോ ഈ ജീവിതം

മയിൽ പോൽ മയിൽ,പീലി പോൽ പീലി,വർണ പാളി പോൽ ഈ ജീവിതം. മിഥ്യയോ സത്യമോ മായയോ യാഥാർഥ്യമോ. നമ്മദീപമായ് കോർവർണ്ണം പോൽ കർക്കശർ. സത്യമായ് ജീവിത ഭാരമായ് തുലാസിലിന്നിതാ ഉയർന്നുപൊങ്ങും സ്വപ്ന മാളികകൾ. തകർന്നുവീഴും പളുങ്കു കൊട്ടാരങ്ങൾ. ജീവിതമിന്നിതാ ഒരു മാന്ത്രിക വിസ്മയ ജാലകമായ് എൻ മുൻപിൽ ജനിക്കുന്നു. തുച്ഛമാം ജീവിതത്തിന് പുണ്യമായ് സനേഹവും.

അഞ്ജന പി .ഷാജി

8 ബി

# LAND TO LIGHT ON

Land to light on, brand's first book of poems since her eloquent testimony to the possibilities of poetry, no language is neutral, opens into the landscape of Canada. "out here i am… not even safe as the sea, "she writes"."If i am peaceful.. is not peace, is getting used to harm. "brand writes about a place where she is an outsider as any poet or painter must be and also about the many outsiders who have come here and settled over the years, uncomfortable some times themselves. Born in Trinidad, Brand has lived in Canada since 1970, and is renowned as a poet. Her previous collection, no language is neutral, was shortlisted for the governor generals

award in 1990. Her first novel, in another place, not here, was published to acclaim in 1996. she lives north of Toronto.

**തമന്ന**

**9 E**



# യാത്രാവിവരണം

2019 ഡിസംബർ 28 ശനിയാഴ്ച രാവിലെ 3:00 മണിക്ക് കാറിൽ ഞങ്ങൾ പുറപ്പെട്ടു ലക്ഷ്യസ്ഥാനം പറശിനിക്കടവ് ശ്രീ മുത്തപ്പൻ ക്ഷേത്രമാണ് .അത് കണ്ണൂരാണ് സ്ഥിതിചെയ്യുന്നത് .ഞങ്ങളുടെ പ്രാതൽ' അമ്മ രാവിലെ ഉണ്ടാക്കിയായിരുന്നു. ഇഡലിയുംചമ്മന്തിയും. ഞാൻ, അച്ഛൻ, അമ്മ, അനിയത്തി , അച്ചാമ്മ, എന്നിവരാണ് യാത്രക്ക് പോകുന്നത് . ഞങ്ങൾ കോഴിക്കോടെത്തിയപ്പോൾ അവിടെനിന്ന് ഹല്വയും, മധുരപലഹാരങ്ങളും കൊണ്ടുപോയി. ഞാൻ ഉദ്ദേശിച്ചത് മേടിച്ചുവെന്നാണ്. ഞങ്ങൾ ഉദ്ദേശിച്ച സമയത്ത് അമ്പലത്തിൽ എത്താൻ സാധിച്ചില്ല. നട അടച്ചു അതിനാൽ ഞങ്ങൾ തീരുമാനിച്ചു 4.00 മണിക്കുശേഷം അമ്പലം തുറക്കും വെള്ളച്ചാട്ടം കാണാം. അപ്പോൾ ഒരു 4.15 ആവുമ്പോൾ പറശിനിക്കടവ്

അമ്പലത്തിൽ കയറാം.എന്നാൽ ഞങ്ങൾ പറശിനിക്കടവ് എത്തുകയും സമയും 2 .00 ആവാൻ

പോകുന്നതേ ഉള്ളൂ .എന്തായാലും 4:00 മണിവരെ കാറിലിരിക്കുവാൻ ആർക്കും സാധിക്കില്ല. ഇനിയും 2:00 മണിക്കൂർ.അസാധ്യമായ കാര്യം.അപ്പോൾ തന്നെ അച്ഛനും അമ്മയും പറഞ്ഞു .നമ്മുക് ഊണ് കഴിക്കാമെന്ന.ഞങ്ങൾ ഊണ് കഴിച്ച നോൺ-വെജ് സദ്യയിരുന്നു.ഊണ് പതുകെ കഴിച്ചപ്പോഴും സമയം 2;30 pm.പിന്നെ ഞങ്ങൾ കാറിൽ കയറി ഉറങ്ങി .അപ്പോൾ അച്ഛൻ ഗൂഗിൾ സെർച്ച് ചെയ്തു എന്നിട്ട് പറഞ്ഞു ഇവിടെ സമീപം ഒരു 2.5 കി.മി ദൂരത്തിൽ ഒരു സ്നേക് പാർകുണ്ട്.ട്ടിക്കറ്റ്എടുത്ത ഉള്ളിൽ കയറി. അച്ഛമ്മയ്ക്ക് ഒട്ടും നടക്കാൻ വയ്യായിരുന്നു. പാർക്ക് നിറയെ പാമ്പുകൾ നല്ലിന്റെ അത്രെയുള്ള പാമ്പുകൾ മുതൽ മരത്തിന്റെ ശരീരം മാര്കറ്റിയുള്ള പാമ്പുവരെ അവിടെ ഉണ്ടായിരുന്നു. എല്ലാം കണ്ടു കഴിഞ്ഞപ്പോൾ 3:05 pm ആയി .അവിടത്തെ പ്രകൃതിരമണീയമായ

സ്ഥലത്തു ഇരുന്നു .ഞാനും അനിയത്തിയും കൂടി അവിടെയുള്ള ഒരു കടയിൽ കയറി.പേപ്പർ പെന വാങ്ങിച്ചു.പെന മേടിച്ചു വന്ന് കഴിഞ്ഞു ഞങ്ങൾ ഒരു കടയിൽ നിൻ 2 ഗ്ലാസ് സംഭാരവും ഉപ്പിലിട്ട മാങ്ങയും നെല്ലിക്കയും പൈൻഅപ്പളും വാങ്ങി. ഞങ്ങൾ അവിടെ നിൻ പൊന്നു. അമ്പലത്തി കൃത്യം 4:15 ആയപോൾ എത്തി നേരെ നോക്കിയപ്പോൾ അവിടെ ഒരു കായൽ.ഞങ്ങൾ കാല്ലും കയും കഴുകി. അത് അവിടത്തെ ആചാരമായിരുന്നു.അവിടെ നിറയെ പട്ടികൾ ആൺ.അങ്ങനെ ഞങ്ങൾ അമ്പലദര്ശനം കഴിഞ്ഞു ഇറങ്ങി .വീട്ടിലേക് യാത്രയായി.എന്റെ ജീവത്തിൽ എനിക്ക് മറക്കാൻ സാധികാത്ത ഒരു യാത്രയായിരുന്നു അത്.

ശിശിര കെ എസ്

9 B

# അമ്മയെ തിരിച്ചറിഞ്ഞ നാൾ വരെ....

ഒരിടത്തു ഒരു വിധവയായ അമ്മയും മകനും താമസിച്ചിരുന്നു .ആ അമ്മയ്ക്ക് വളരെ വൈകിയാണ് മകൻ ജനിച്ചത്.അതിനാൽ അമ്മയ്ക്ക് മകന് 10 വയസ്സ് ആയപ്പോൾ തന്നെ നല്ല പ്രായമുണ്ടായിരുന്നു .അത് കൊണ്ട് ആവാം എവിടെ പോയാലും അമ്മ ഒപ്പം വരുന്നത് എനിക്ക് കുറച്ചിലാണ് എന്ന് പറയും .തന്റെ കൂട്ടുകാരുടെ അമ്മമാർ എല്ലാവരും ആഡംബരത്തിൽ നടക്കുന്നവരാണ്.എന്നാൽ അമ്മ മാത്രം പഴയ സാരിയുമുടുത്തു പഴഞ്ചൻ ആളുകളെ പോലെയാണ് എന്ന് പറഞ്ഞു അമ്മയെ അവൻ കളിയാക്കുമായിരുന്നു .ഒരിക്കൽ അവന്റെ കൂട്ടുകാരെല്ലാവരും വീട്ടിലേക്കു വന്നു .അപ്പോൾ അവൻ അവന്റെ അമ്മയുടെ ഭംഗി കുറവ് മൂലം അമ്മയെ മുറിയിൽ പൂട്ടിയിട്ടു .എന്നാൽ തന്റെ കൂട്ടുകാർക്ക് കൊടുക്കാൻ ഭക്ഷണം ഒന്നും ഉണ്ടായില്ല .തന്റെ കൂട്ടുകാർ നിരാശ യോടെ മടങ്ങുന്ന കണ്ടു അവൻ ഓർത്തു എന്റെ അമ്മ ഉണ്ടായിരുന്നെങ്കിൽ എല്ലാവർക്കും വേണ്ടി രുചിയുള്ള ഭക്ഷണം ഉണ്ടാക്കി തന്നേനെ എന്നവൻ ഓർത്തു അവൻ അപ്പോൾ തന്നെ അമ്മയോട് മാപ്പു പറ ഞ്ഞു.

പാഠം :-ആരുടെയും ബാഹ്യമായ സൗന്ദര്യം മാത്രം കണക്കാക്കി സ്നേഹിക്കരുത്.

*Angel Marria-9 B*



# അപ്പുവിന്റെ രാത്രി

അപ്പു ഒരു അഞ്ചാം ക്ലാസ്സ് വിദ്യാർത്ഥിയാണ് .അവന്റെ മാതാപിതാക്കൾക്ക് വിദേശത്ത് ജോലിചെയ്യുന്നതിനാൽ അവനെ നോക്കുന്നത് അവന്റെ മുത്തച്ഛനും മുത്തശ്ശിയാണ് .അങ്ങനെ ഒരു ദിവസം അപ്പു ഉറങ്ങിയത് പ്രേതത്തിന്റെ കഥ കേട്ടുകൊണ്ടായിരുന്നു. ഉറക്കത്തിൽ അവൻ എന്തൊക്കെയോ ശബ്ദം കേട്ട് ഉണർന്നു. നല്ല കാറ്റും മഴയും.അവനു പേടി തോന്നി .അവൻ കിടക്കയിൽ നിന്ന് എഴുന്നേറ്റു .അവന്റെ കതക് തുറന്നു കിടക്കുകയായിരുന്നു .അവൻ മുറിയിൽ നിന്ന് ഇറങ്ങിയപ്പോൾ അവന്റെ കതക് മുട്ടുന്ന ശബ്ദം കേട്ട് തുറന്ന് നോക്കിയപ്പോൾ മുത്തശ്ശിയായിരുന്നു. പക്ഷേ കണ്ണുകൾ നീല നിറവും. അവൻ പേടിച്ച് ഒച്ചയെടുത്തു .ഇത് കേട്ട് മുത്തശ്ശിയും മുത്തച്ഛനും ഓടി വന്നു . അപ്പോഴാണ് സ്വപ്നമാണെന്ന് അപ്പു മനസ്സിലാക്കിയത് .

***Naishana saiphu***
***9 A***

# ത്രികോണവഞ്ചിപ്പാട്ട്

ത്രികോണത്തിൽ രണ്ടു വശം
സമമായി വന്നീടുകിൽ
സമപാർശ ത്രികോണമ
തായീടുമല്ലോ .

മൂന്നു വശങ്ങളും തുല്യ
മാകുന്ന ത്രികോണത്തിനെ
സമഭുജത്രികോണമേ
ന്നറിയപ്പെടും

വശങ്ങളൊന്നും മറ്റൊന്നി
നോട് സമല്ലെങ്കിലോ
വിഷമഭുജ ത്രികോണ
മതായീടുമോ

മൂന്നുകോണുകളിലൊന്ന്
മട്ടത്രികോണുകളിലൊന്ന് ത്രികോണം
മട്ടത്രികോണമെന്നല്ലോ
***അറിന്നിടുന്നു.***

# ഉയരട്ടെ

ഉയരട്ടങ്ങനെ ഉയരെട്ട
ഉയർന്നു വാനിൽ പാറട്ടെ
സ്വാതന്ത്ര്യത്തിൽ മൂവർണക്കൊടി
ദിക്കുകൾ തോറും ഉയരട്ടെ
ഉയരങ്ങട്ടെനെ ഉയരട്ടെ
ജയ്ഹിങ് വിളികൾ ഉയരട്ടെ
സ്വാതന്ത്ര്യത്തിൽ സുദിനത്തിൽ
ഉയരട്ടങ്ങനെ ഉയരട്ടെ......

**നൗറിൻ**

**9 A**

(Book Review)

# TOMORROWS GOD

-Neal Donald

This book contains the most existing news of the past 100 years. Humanity is about to create anew form of spirituality on the earth. This book is about humanity's future but not some far off distant vision rather it includes a startling prediction for the next 30 years. It is about our near future, and the role that humans will play in creating it and also about what will happen and how it will happen. Like the other god books, this text takes the form of a conversation with god but it is not necessary to believe that actually had such

a conversation in order to benefit from it. All that is necessary is that you have an open mind and this book even tells you how to achieve that.

Aleena Jude
9 D



(Book Review)


# ULTIMATE TRUTH

-Michael Graham

This book is a spiritual autobiography of an ardent disciplined, Michael Graham. Through his eyes you will learn about the intoxicating words of ‘new age’ spirituality. This is a riveting read of the spiritual journey of one of the mos deeply disciplined seekers i have ever met. In this very personal account he tells of these meetings and spiritual awakenings and then his subsequent efforts of his amazing experience. At

the same time he present an eloquent insiders account of the western worlds with eastern worlds. This story will stimulate and challenge all spiritual seekers.

Alvina Augustine
9B



(കഥ )

# "ഞാൻ കൊണ്ട വെയിലാ .... നിന്റെ തണൽ.........”

'' ഇന്ന് പോണോ..ലീവെടുക്കായിരുന്നില്ലേ.. ക്ഷീണംന്ന് പറഞ്ഞതല്ലേ..."

അമ്മ അച്ഛനോട് ചോദിക്കുന്നത് ഗോപു റൂമിലിരുന്ന് കേട്ടു. 'അച്ഛൻ പോയിട്ടേ പുറത്തിറങ്ങുന്നുള്ളൂ' എന്ന് തീരുമാനിച്ചിരുന്നു.

" പോണം ലക്ഷ്മീ.... അത്യാവശ്യം ചെയ്ത് തീർക്കേണ്ട ജോലികളുണ്ട് ഓഫീസിൽ... പോവാതെ പറ്റില്ല....

ആ അലമാരേല് രൂപ വെച്ചിട്ടുണ്ട്.. അതെടുത്ത് അവന് കൊടുത്തോളൂ... ബൈക്ക് വാങ്ങിക്കോട്ടെ.. അത് സാധിക്കാഞ്ഞിട്ട് അവനിനി സങ്കടാവണ്ട.....''

"ഇപ്പൊ എന്തിനാ ഏട്ടാ... പൈസ ഇല്ലാന്ന് പറഞ്ഞിട്ട്... "

"ഞാനാ ചിട്ടി വിളിച്ചു... അത് കിട്ടുമ്പോ വീടൊന്ന് പെയിന്റ് ചെയ്യിക്കണംന്ന് കരുതീതാ... സാരല്ല... അതിന് വേറെന്തെങ്കിലും വഴി കാണാം.... അവൻ ബൈക്ക് വാങ്ങിച്ചോട്ടെ..... മോഹിച്ചതല്ലേ.... നടക്കട്ടെ.... "

"ഓ... രക്ഷപ്പെട്ടു.. കുറെ വഴക്കിട്ടും മിണ്ടാതെ നടന്നിട്ടുമൊക്കെയാണെങ്കിലും ഒടുക്കം കാര്യം നടന്നൂലോ.. അച്ഛന് പൈസ തരാൻ തോന്നീലോ.. രമേശനെ കൂട്ടി ഇപ്പോ തന്നെ പോണം, ബൈക്ക് ബുക്ക് ചെയ്യാൻ "

അച്ഛൻ പോയീന്ന് ഉറപ്പായപ്പോ ഗോപു റൂമിൽ നിന്ന് പുറത്തിറങ്ങി

''അമ്മേ, വെശക്കണു..ഭക്ഷണം ആയില്ലേ?''

"ഉവ്വ് കൈ കഴുകി വാ ..

ഇതാ.... അച്ഛൻ പൈസ തന്നേല്പിച്ച്ണ്ട്... ബൈക്ക് വാങ്ങിക്കോളാൻ പറഞ്ഞു.... കഷ്ടണ്ട് ഗോപൂ..... നീ എത്ര ദിവസായി അച്ഛനോട് ഒന്ന് മിണ്ടീട്ട്.... പാവാണ്.. നിന്റെ നന്മയ്ക്ക് വേണ്ട്യാ അച്ഛൻ ഓരോന്ന് പറയണത്.... നീ അത് മനസ്സിലാക്കണം.... കുറച്ചൊക്കെ ബുദ്ധിമുട്ടറിഞ്ഞ് വളരണം..... എന്നാലേ പൈസേടെ വില മനസ്സിലാവൂ.... നിനക്കറിയ്യോ അച്ഛൻ എത്ര കഷ്ടപ്പെട്ട്ണ്ട്ന്ന്.... ആ മനുഷ്യന്റെ വെയർപ്പാ നമ്മളിന്ന് അനുഭവിക്കണ സുഖം..... സ്വന്തം കാര്യത്തിനായിട്ട് ഒരൊറ്റ പൈസ അച്ഛൻ ചെലവാക്കണത് കണ്ടിട്ടുണ്ടോ...ഒക്കെ നമുക്ക് വേണ്ട്യേ ചെയ്യാറുള്ളൂ.....

നിന്റെ പിടിവാശികള് പറയുമ്പോ തന്നെ നടത്തിത്തരാത്തപ്പോ നിനക്ക് ദേഷ്യം... നീ വിവേകത്തോടെ ചിന്തിച്ച് നോക്ക് മോനേ... അച്ഛൻ പറയുന്നത് ശരിയല്ലേ ന്ന്.... വേറെന്താ ഞാൻ പറയാ.... "

" ഇനി അമ്മേം തൊടങ്ങണ്ട പുരാണം... എന്റെ കൂട്ടുകാർക്കൊക്കെ പ്ലസ് ടു കഴിഞ്ഞപ്പോ കിട്ടി ബൈക്ക്... ഡിഗ്രി കഴിഞ്ഞപ്പളല്ലേ ഞാൻ ചോദിച്ചുള്ളൂ.. എന്ത് പറഞ്ഞാലും അച്ഛൻ ബുദ്ധിമുട്ടി വളർന്നേന്റെ കണക്ക്.. അച്ഛൻ കഷ്ടപ്പെട്ടത് എന്റെ കുറ്റാണോ.. എന്റെ ഫ്രണ്ട്സ് കളിയാക്കാറ്ണ്ട്.. 'വല്യ ഗവൺമെൻറ് ഉദ്യോഗസ്ഥന്റെ മകനാന്ന് പറഞ്ഞിട്ടെന്താ കാര്യം, ഒരു സെക്കന്റ് ഷോയ്ക്ക് പോണെങ്കിലോ, ഒന്ന് കറങ്ങാൻ പോണെങ്കിലോ ഒക്കെ അവന് പെർമിഷൻ വേണം ഇപ്പളും' ന്ന് പറഞ്ഞ്.

ശരിയല്ലേ അവര് പറയണത്.. എത്ര പ്രാവശ്യം പറഞ്ഞാലാ എന്റെ ആവശ്യം ഒന്ന് നടത്തിത്തരാറ്.. "

" നീ ചോദിക്കണതൊക്കെ അത്യാവശ്യങ്ങളല്ലാത്തോണ്ടാ.. അനാവശ്യോം ആവശ്യോം അത്യാവശ്യോം വേർതിരിച്ചറിഞ്ഞ് വളരണം മോനേ...
ഇന്നച്ഛൻ വരുമ്പോ നീ ആ മനുഷ്യനോട് സംസാരിക്കണം.... ബൈക്ക് വാങ്ങാൻ സമ്മതം തന്നാലോ.. ഇനി പെണങ്ങി മിണ്ടാതെ നടക്കരുത്... പുറത്ത് കാണിക്കണില്ലാച്ചാലും ആ മനസ്സ് വിങ്ങണത് അമ്മ അറിയണണ്ട്..."

അമ്മേടെ നിസ്സഹായതയോടെയുള്ള സംസാരം കേട്ടപ്പോ ഈർഷ്യയാണ് തോന്നിയത്.കടിച്ച പിടിച്ച് സഹിച്ചു. ബൈക്ക് വാങ്ങണേന്റെ സന്തോഷം കളയണ്ട..അമ്മേ സങ്കടപ്പെടുത്തീട്ട് പോണ്ട.
"ഗോപു ബൈക്ക് ബുക്ക് ചെയ്തിട്ട് വരാട്ടോ.. ഗോപൂന്റെ പുറകിലിരുന്ന് കറങ്ങണ്ടേ അമ്മക്കുട്ടിക്ക് "
അമ്മേടെ കവിളിലൊരു ഉമ്മ കൊടുത്ത് കൊഞ്ചിച്ചപ്പോ ആ കണ്ണ് നിറയുന്നത് കണ്ടെങ്കിലും കണ്ടില്ലാന്ന് നടിച്ചു. "എല്ലാം അങ്ങനെ കണ്ടൂന്ന് വെച്ചാൽ കാര്യങ്ങൾ നടക്കില്ല"

ഒരാഴ്ച കഴിഞ്ഞപ്പോ ബൈക്ക് കിട്ടി.. പിറ്റേന്ന് ഫ്രണ്ട്സൊക്കെ കൂടി മൂന്നാറിലേക്ക് ഒരു ബൈക്ക് ട്രിപ്പ് ആവാംന്ന് തീരുമാനിച്ചു. അമ്മയോടത് പറഞ്ഞപ്പോ
''അച്ഛനോട് ചോദിക്ക്'' ന്ന് മറുപടി
"അമ്മ പറഞ്ഞാ മതി ഞാൻ പോണ് ണ്ട് ന്ന് ... ഞാൻ പോട്ടേന്ന് ചോദിച്ചാൽ അച്ഛൻ വല്ല ഒടക്കും പറയും''

കാലത്ത് അമ്മ അച്ഛനോട് പറയുന്നത് കേട്ടു

"അതേയ്... ഗോപ്വും ഫ്രണ്ട്സും ബൈക്കിൽ മൂന്നാറിലേക്ക് പോവാത്രേ...

രാത്ര്യാവുമ്പളേക്ക് തിരിച്ചെത്താംന്ന്.... "

മറുപടിയൊന്നും കേട്ടില്ല..

അച്ഛൻ റെഡിയായി ഇറങ്ങുമ്പോ അമ്മ ചോദിക്കണത് കേട്ടു..

" ഇന്ന് പോണോ? ഒന്ന് ഡോക്ടറെ കാണായിരുന്നു.... ഒരാഴ്ചയായില്ലേ ഈ

ക്ഷീണം.... മുഖം വല്ലാണ്ടിരിക്ക്ണ്ട്..."

"സാരല്യ ലക്ഷ്മീ... പോണം.. "

അമ്മ ഗേറ്റ് വരെ പുറകെ ചെല്ലുന്നത് കണ്ടു...

ഗേറ്റിനടുത്തെത്തിപ്പോ മേനോൻ തളർന്ന ശബ്ദത്തിൽ പറഞ്ഞു..

"നമ്മുടെ മോൻ വല്യതായിലേ ലക്ഷ്മീ.... കാര്യങ്ങളൊക്കെ ഒറ്റക്ക്

തീരുമാനിക്കാറായി.... നന്നായി...''

"അങ്ങനെയൊന്നുല്ല ഏട്ടാ... അവന്റെ പ്രായം അതല്ലേ...ഫ്രണ്ട്സൊക്കെ കൂടി

യാത്ര പോണംന്നൊക്കെ ണ്ടാവൂലോ കുട്ട്യോൾക്ക്.. അങ്ങനെ കരുത്യാ മതി... "

" ശര്യാ...സൂക്ഷിക്കാൻ പറയണം അവരോട്..... പിന്നെ.....ലക്ഷമീ.... നമ്മുടെ

മോനോട് പറയാ, അവന്റച്ഛൻ കൊണ്ട വെയിലാ അവന്റെ തണല് ന്ന്........"

ബൈക്കിൽ ഫ്രണ്ട്സുമായുള്ള യാത്ര.. വല്ലാത്തൊരു ത്രില്ല് തന്നെ..

മൂന്നാറിലെത്തി മൊബൈലെടുത്തപ്പോ പത്ത് പതിനഞ്ച് മിസ്സ് കാൾസ്

അമ്മേടെ...

''ഓഹ്.. വീട്ടിൽന്ന് പോന്നതേയുള്ളു. അപ്പഴേക്ക് തുടങ്ങി

വിളിക്കാൻ..സൂക്ഷിച്ചോളാംന്ന് പറഞ്ഞതല്ലേ പോന്നത്.. ഹും

തിരിച്ച് വിളിച്ചേക്കാം"

"എന്താമ്മേ.. ഞങ്ങളിവിടെ എത്തിയതേ ഉള്ളു, ഇവിടെയൊക്കെ ഒന്ന് കറങ്ങീട്ട്

വൈകീട്ട് തിരിച്ചുപോരും"

"അതല്ല മോനേ..... അച്ഛന്......''

അമ്മയുടെ തേങ്ങൽ..

"അച്ഛന്..???"

" അച്ഛന് വയ്യാണ്ടായി ഓഫീസിൽന്ന്...

നെഞ്ചുവേദന... അവര് ഹോസ്പിറ്റലിലേക്ക് കൊണ്ടന്നു.. ഐ. സി. യു. വിലാ....

മോൻ വേഗം പോരു.... അമ്മയ്ക്ക് പേടിയാവണു......'

വല്ലാതായി കേട്ടപ്പോ....

" അമ്മ പേടിക്കണ്ട.. അച്ഛനൊന്നും പറ്റില്ല... ഞങ്ങൾ തിരിച്ചു പോരാ.. വേഗം

എത്താം ...."

"സൂക്ഷിച്ച് വരണേ മോനേ..... " അമ്മയുടെ തളർന്ന ശബ്ദം....

ഹോസ്പിറ്റലിലെത്തുമ്പോ ഐ.സി.യു.വിന് മുന്നിൽ കരഞ്ഞ് തളർന്ന് ഇരിക്കുന്നുണ്ട്

അമ്മ.... ആ കാഴ്ച കണ്ടപ്പോ നെഞ്ച് പിടഞ്ഞു..

''എന്താമ്മേ, എന്താ പറ്റീത് അച്ഛന്...??"

" അറിയില്ല.... കുറച്ച് ദിവസായി അച്ഛന് തീരെ വയ്യ.... നല്ല ക്ഷീണം ഉണ്ടായിരുന്നു.... റെസ്റ്റെടുക്കാൻ ഞാൻ പറഞ്ഞതാ.... കേട്ടില്ല.... ഓഫീസിൽന്ന് നെഞ്ചുവേദന ന്ന് പറഞ്ഞ് തളർന്ന് വീണൂന്നാ അവര് പറഞ്ഞത്.... അവര് ഇങ്ങട് കൊണ്ടന്നു... ഡോക്ടർ വിളിച്ചിട്ട് അവരൊക്കെ ഡോക്ടറുടെ റൂമിലേക്ക് പോയേക്കാ....."

വേഗം ഡോക്ടറുടെ റൂമിലേക്ക് ചെന്നു...

" നമുക്ക് നോക്കാം... വി വിൽ ട്രൈ അവർ ബെസ്റ്റ്....

സിവിയർ അറ്റാക്ക് ആയിരുന്നു...

പ്രാർത്ഥിക്കൂ... ഈശ്വരന് അത്ഭുതങ്ങൾ സൃഷ്ടിക്കാൻ കഴിയും... "

തിരിച്ച് അമ്മയുടെ അടുത്ത് വന്ന് കണ്ണടച്ചിരുന്നു.... മനസ്സ് തളരുന്നു....

"ഒരാഴ്ചയായി അച്ഛന് സുഖമില്ലായിരുന്നു..... താനതറിഞ്ഞില്ലല്ലോ......

ചെറുപ്പത്തിൽ തനിക്കൊരു ചെറിയ പനി വന്നാൽ പോലും തോളത്തെടുത്ത് നടന്നിരുന്ന അച്ഛൻ... കൂടെത്തന്നെ ഉണ്ടാവുമായിരുന്ന അച്ഛൻ..... ഈശ്വരാ...

ആ അച്ഛന് വയ്യാതായപ്പോ ഞാനറിഞ്ഞില്ല.....

ശ്രദ്ധിച്ചില്ല..... ''

കണ്ണ് നിറഞ്ഞൊഴുകി....

സിസ്റ്ററുടെ ശബ്ദം കേട്ടപ്പോഴാണ് സ്ഥലകാലബോധം ഉണ്ടായത്...

" അച്യുതമേനോന്റെ ബന്ധുക്കളാരെങ്കിലും ഉണ്ടോ? ആരാ ഗോപു ?"

"ഞാനാ സിസ്റ്റർ.... മകനാണ്..."

" അച്ഛൻ കണ്ണ് തുറന്നു, ഗോപൂനെ കാണണംന്ന് പറയുന്നു "

" അകത്തേക്ക് ചെന്നു... തളർന്ന് കിടക്കുന്ന അച്ഛനെ കണ്ടപ്പോൾ നെഞ്ച് പിടഞ്ഞു പോയി.... അടുത്ത് ചെന്നിരുന്ന് കാതിൽ മെല്ലെ വിളിച്ചു...

" അച്ഛാ.... ഞാനാച്ഛാ.... ഗോപു...''

അച്ഛൻ മെല്ലെ കണ്ണ് തുറന്നു.. വിറക്കുന്ന കൈ കൊണ്ട് തന്റെ കൈവിരലിൽ അമർത്തിപ്പിടിച്ചു...

വലതു കൈ കൊണ്ട് അച്ഛന്റെ കയ്യിൽ മുറുക്കിപ്പിടിച്ചു...

" അച്ഛാ... ഗോപു ഈ വിരല് പിടിച്ചാ പിച്ച വെച്ചത്... നടക്കാൻ തുടങ്ങിയ സമയത്ത് വീഴാൻ പോകുമ്പോ.. ഈ വിരലുകളായിരുന്നു ശക്തി... ധൈര്യം.... ഇനി അച്ഛന്റെ ഈ കൈകൾക്ക് ശക്തിയും ധൈര്യവുമായി ഞാനുണ്ട്.... അച്ഛന്റെ ഗോപു.... അച്ഛന് ഒന്നൂല്ല... വേഗം സുഖാവും... തിരിച്ച് ചെന്നിട്ട് അച്ഛനെന്നെ കൈപിടിച്ച് നടത്തിച്ച വഴികളിൽ കൂടിയൊക്കെ അച്ഛന്റെ കൈ പിടിച്ച് എനിക്ക് നടക്കണം.... അച്ഛന്റെ ശക്തിയായിട്ട്..... "

അച്ഛന്റെ കണ്ണുകൾ നിറഞ്ഞൊഴുകുന്നത് കണ്ടു....

മെല്ലെ.. ആശ്വാസത്തോടെ.. അച്ഛൻ മയക്കത്തിലേക്ക് വീഴുന്നതും.. ആ കാലുകളിൽ മുഖം ചേർത്ത് വെച്ച് ഇരുന്നു... കണ്ണിൽ നിന്നടർന്നു വീണ കണ്ണീരിന്റെ ചൂട് തട്ടിയാവാം അച്ഛന്റെ കാൽവിരലുകളൊന്ന് വിറച്ചു...

ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ചെയ്ത് വന്നതിന്റെ പിറ്റേ ദിവസം, അച്ഛന്റെ റൂമിലേക്ക് ചെന്നു.

"അച്ഛാ വണ്ടി കൊണ്ടുപോകാൻ ഇപ്പോ ആള് വരും.. ഞാനാ ബൈക്ക് കൊടുത്തു.. വാങ്ങീട്ട് ഒരാഴ്ചയല്ലേ ആയുള്ളൂ, അത് കൊണ്ട് പൈസയൊന്നും കുറഞ്ഞില്ല,.ആ കടക്കാര് തന്നെ തിരിച്ചെടുത്തു "

"എന്തിനാ മോനേ അത് കൊടുക്കുന്നേ.. നീ മോഹിച്ച് വാങ്ങിയതല്ലേ...."

അച്ഛന്റെ ക്ഷീണിച്ച ശബ്ദം..

'' വേണ്ടച്ഛാ... ഇപ്പോ അത് വേണ്ട.... അച്ഛൻ പറഞ്ഞത് പോലെ എനിക്ക് ജോലിയാവട്ടെ..

നമുക്ക് രണ്ടാൾക്കും കൂടി പോയി വാങ്ങാം ഒരു വണ്ടി... അതു മതി...

എങ്കിലേ നാളെയൊരിക്കൽ എനിക്കെന്റെ മക്കളോടും അച്ഛനെപ്പോലെ അഭിമാനത്തോടെ ഉറച്ച് പറയാൻ പറ്റൂ

" ഞാൻ കൊണ്ട വെയിലാ നിന്റെ തണല് ന്ന്....."

അത് കേട്ട് അച്ഛനൊന്ന് ചിരിച്ചു...

പണ്ടത്തെ അതേ തെളിഞ്ഞ ചിരി...

DR. RAJANI. K. P
(HST Sanskrit )



(Book Review)

# MYSTERIOUS WAYS

-Terry. W. Borns

When Amos Taylor steals a parson' clothes he's fond the ideal disguise to hide his life of crime until an old blind man enters his life who has a little trick up his own sleeve. Before long the disguise is working too well; The local residents start expecting Amos to actually serve as their preacher. When revival breaks out in the small Texas town, his pay off is bigger than he could have dared to imagine - proving indeed, that the lord works in Mysterious ways.

**Dilruba Bismi**

**9 D**

(write up)

# Time is up to control..!

***The world has changed in such a way that one finds mobile phone as the better companion in one's life. It's impact upon the students is really alarming. It's high time for us to have control over this magical device.***

***Mobile phone is a gadget that has wide range of applications. It has become an inevitable part in an individual's life. Even though we feel it as a blessing ,we have to analyze the influence it has among the children. Cellphones with internet connection, stands as the master who clarifies all the doubts and queries to the***

***children. The students are being fascinated by the abundance of knowledge that they*** Time is up to control..! ***get by just a click or a touch. They are amazed by the wonderful world of games as well. Moreover, they feel more interested to use whatsapp, facebook, instagram etc...and thus to expose the proudful and happy moments of their lives, and to enjoy the note of appreciation.***

***But still, it's time to mature enough to think about the impact of the mobile phones upon ourselves,our family relationships and also in the academic life of the students. It's quite ridiculous to note that the students***

***who are addicted to the phone, are usually unaware about the latest news, politics or the world outside them. They prefer phones for just going through social medias like facebook, whatsapp, twitter etc; and to engage themselves with the mobile games. Even though it unfolds the world of knowledge upon them, they are not at all interested to use it for the educational purposes, except for particular projects or assignments.***

***Mobile phones have great influence and outreach in today's world. But what if , when one can't control over oneself? It's a mesmerizing thief who***

***takes away the time-*** Time is up to control..!

***the time to read,***
***the time to talk,***
***the time to laugh,***
***the time to listen to the soft voice of nature,***
***the time to see the beautiful world around us,***
***the time to look into the eyes of our dear one's***
***And moreover, the time to think about***
***OURSELVES!***



*Chinchu Xavier*
*(HST ENGLISH)*

# പ്രതീക്ഷ

(കവിത)

ചിലതെങ്കിലും

കരിയാതെ ബാക്കിനില്ക്കുന്നതും

ചിലരെങ്കിലും

ചായാതെ നിവര്ന്നുനില്ക്കുന്നതും

ചരമചിത്രത്തിലും

ചില ശബ്ദങ്ങള് മുഴങ്ങി നില്ക്കുന്നതും

ചില മുഴക്കോലുകള്

കൂസാതെ ശരിയളക്കുന്നതും

ചവര് കൂമ്പാരങ്ങളില്

ചില ഒറ്റത്തുള്ളികള് പൂമരം തീര്ക്കുന്നതും

ചരിത്രം വിരല് ചൂണ്ടി

ഉറക്കം മുറിക്കുന്നതും

പ്രതീക്ഷ

**ഇവ പ്രകാശ്**

**9 B**

(പുസ്തക നിരൂപണം)

# മഴയും പുഴയും പൂത്തുമ്പികളും

(നാരായണൻ കാവുമ്പായി)

മഴയെയും പുഴയെയും കുറിച്ചുള്ള അന്വേഷണങ്ങൾക്ക് സഹായകമാകുന്ന മഴപ്പുസ്തകമാണ് മഴയും പുഴയും പൂത്തുമ്പികളും. കേരളത്തിലെ പുഴയറിവുകളും ഈ പുസ്തകത്തിന്റെ സവിശേഷതയാണ്. കേരളത്തിലെ വിവിധ തരം പുഴകളെക്കുറിച്ച് ഈ പുസ്തകത്തിൽ വിശദീകരിച്ചിട്ടുണ്ട്. കേരളത്തിൽ നാൽപ്പത്തിനാല് നദികളാണ് ഉള്ളത്. ഈ എല്ലാ നദികളുടെയും വിശകലനം ഈ പുസ്തകത്തിൽ ഉണ്ട്. അത് മാത്രമല്ല വിവിധ തരം മഴകളെക്കുറിച്ചും ഇതിൽ പറഞ്ഞിട്ടുണ്ട്. മഴയെത്തന്നതും ഓരോ ഘട്ടങ്ങളിലെ മഴയുടെ സവിശേഷതകളും ഈ പുസ്തകത്തിൽ നാരായണൻ കാവുമ്പായി വിശദീകരിച്ചിരിക്കുന്നത്.

*പൂജ സൂരജ്*

***9B***



# കുസൃതി ചോദ്യങ്ങൾ

1 സീലുകളുടെ പേരിൽ അറിയപ്പെടുന്ന രാജ്യം ?

2 വെള്ളത്തിലൂടെ പോയാലും അറിയാത്തത് ?

3 സ്കൂളിൽ സ്കൂൾ ബസ് അല്ലാതുള്ള ബസ് ഏതാണ് ?

4 ഭൂമിയിൽഏറ്റവും കൂടുതൽ ആപ്പിളുകൾ ഉണ്ടാകുന്നതെവിടെ?

5 അപ്പത്തിന് ചേരും അടയ്ക്ക് ചേരില്ല എന്ത്?

6 സ്വയം കുഴിച്ച കുഴിയിൽ വീഴുന്നവർ?

7 സമയത്തെ മുറിച്ച് ഇട്ടാൽ എന്ത് കിട്ടും?

8 നിരീശ്വരവാദികൾ നിർമിച്ച സിനിമ ഏത് ?

9 ഏറ്റവും തിരിക്കുള്ള രാജ്യം ഏത് ?

10 വാഴയിൽ കാണുന്ന ആന ?

11 ഒരു പെണ്ണിനോട് ഇഷ്ടം തുറന്നു പറയാൻ പറ്റിയ സ്ഥലം ?

12 ഒരിക്കലും തണുപ്പ് തോന്നാത്ത വെള്ളം ?

13 മാൻ എന്ന് അറിയപ്പെടുന്ന കുരങ്ങൻ ?

14 ആസിഡും വെള്ളവും തിരിച്ചറിയാവുന്ന മാർഗം?

15 ഇംഗ്ലീഷിലെ കണ്ണായ അക്ഷരം?

16 മരിക്കും വരെ സുന്ദിരി ആയിരിക്കാൻ എന്ത് ചെയ്യണം ?

17 കുതിരയിലും മുതിരയിലും കാണുന്നത് എന്ത്?

18 ആമയുണ്ട് മീനുമുണ്ട് എന്നാൽ തിന്നാൻ പറ്റില്ല എന്ത്?

19 മനുഷ്യൻ സ്വന്തമായി ഉണ്ടാക്കുവാൻ കഴിയുന്ന മരം?

20 ചായയിൽ ഈച്ച വീണാൽ എന്ത് സംഭവിക്കും ?

**അലീന പി. എ**

**8 B**

# മഴയെ സ്നേഹിക്കുന്ന പെൺകുട്ടി

(കഥ )

മഴയാണ് ആ പെൺകുട്ടിയുടെ എല്ലാം മഴയെ പിരിഞ്ഞു ഒരു നിമിഷംപോലും ആ പെൺകുട്ടിക്ക് ഇരിക്കാൻ സാധിക്കില്ല. അവൾ തനിച്ചായിരിക്കുമ്പോൾ ഒരു കൂട്ടുകാരിയെ പോലെ മഴ മാറി പിന്നെ പിന്നെ അവൾക്ക് മഴ മാത്രം മതി പള്ളിക്കൂടത്തിൽ ഇരുന്നു പാഠപുസ്തകം തുറന്ന് വായിക്കുമ്പോൾ പതിയെ ചാറി പെയ്യുന്ന മഴ അവളുടെ പുസ്തകത്തിൽ വന്നു വീണു .അപ്പോൾ മഴയും തന്റെ കൂടെ പാഠപുസ്തകം പഠിക്കുകയാണെന്ന് അവൾക്ക് തോന്നും .തന്റെ സങ്കടങ്ങളും സന്തോഷങ്ങളും അവൾ പറയുന്നത് മഴയെ എന്ന് വിളിച്ചാണ്. എല്ലാം പങ്കുവെക്കുന്നതെല്ലാം നല്ല കൂട്ടുകാരിയായി മഴ .ഒരിക്കൽ വേനൽക്കാലം വന്നു. അപ്പോൾ അവൾക് തന്റെ മഴ ആകുന്ന കൂട്ടുകാരിയെ നഷ്ടപ്പെട്ടു .എന്നും അവൾ മഴയെ ഓർക്കും .മഴ കാലം വരാനായി എന്നും കാത്തിരിക്കും .എന്നിട്ട് അവൾ പറയും "എന്റെ മാത്രം മഴ ' ഇനി ഒരു ജന്മം ഉണ്ടെങ്കിൽ ഒരു മഴത്തുള്ളി ആയി ജനിക്കണം എന്ന് അവൾ ആഗ്രഹിച്ചു .



**കൃഷ്ണ വേണുഗോപാൽ**

**9B**

# പഴഞ്ചൊല്ലുകൾ

1 കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും മാണിക്യം.

2 ഇടവത്തിൽ മഴ പെയ്താൽ ഇടവഴി പെരുവെള്ളം.

3 ചിങ്ങത്തിലെ മഴ ചിണുങ്ങി ചിണുങ്ങി.

4 മകരത്തിൽ മഴ പെയ്താൽ മലയാളം മുടിയും.

5 കർക്കിടകം കഴിഞ്ഞാൽ ദുർഘടം കഴിഞ്ഞു.

6 കർക്കിടകത്തിൽ പത്തില കഴിക്കണം.

7 കർക്കിടക ഞാറ്റിൽ പട്ടിണി കിടന്നത് പുത്തിരി കഴിഞ്ഞാൽ മറക്കരുത്.

8 കർക്കിടക ചേന കട്ടിട്ടെങ്കിലും തിന്നണം.

9 കുംഭത്തിൽ മഴ പെയ്താൽ കുപ്പയിലും വിള.

10 തലപ്പത്ത് കഴിഞ്ഞാൽ വിലാപൊത്തിലും കിടക്കാം.

11 മീനത്തിൽ മഴ പെയ്താൽ മീനിനും ഇരയില്ല.

12 മേടം തെറ്റിയാൽ മോടൻ തെറ്റി.

13 വെയിലും മഴയും കുറുക്കന്റെ കല്യാണം.

14 മഴ പെയ്താൽ നിറങ്ങൾ ആകാശത്ത് മിന്നിതിളങ്ങും.

ആലിയ നജീബ്

8 B

(Write up)

# ABOUT OUR MOTHER TONGUE

Malayalam is Dravidian language spoken India state of Kerala and the union territories of Lakshadweep and debauchery by the malarial people. It is one of 22 schedule language of India spoken by nearly 2.88% of Indians is a principle language of the south India state of Kerala and also of the Lakshadweep Island of the west. Mel speakers are mostly found in Kerala. Knowing Malayalam can be helpful not just while travelling but. Also too mall started to develop as a separate language from the 13th century on words is the major language of Kerala.

**Aneeta Sabu**
**9 C**



# നിഴൽ

(കവിത)

മഴച്ചുഴികളിൽ എന്നെ മറയ്ക്കുമ്പോൾ
കാർമേഘം
എന്റേതല്ലാത്ത നിഴലുകളെ
എന്നിൽ മുളപ്പിക്കുമ്പോൾ
ഒരു വട്ടത്തിൽ ഒതുങ്ങി
എന്റെ നിഴലിനെ ഞാൻ
കറുപ്പിന്റെ അനന്തതയിൽ
ആഴ്ത്തുമ്പോൾ
നക്ഷത്രങ്ങൾക്കൊപ്പം
ആകാശത്തെ സ്വപ്നം കാണുന്നു
സ്വപ്നത്തിന്റെ കാന്തിയിൽ
ഭ്രാന്തരായ് തീർന്ന്
മഴത്തുള്ളികൾ ചുറ്റും
ആർത്തലക്കുമ്പോൾ
നിഴൽ മാഞ്ഞ്, നിറം മാഞ്ഞ്
പിറവി കാത്ത്
ഞാൻ ഇവിടെ
കാത്തിരിക്കുന്നു.



സോഫിയ മാത്യു
(HST മലയാളം )

# മഴ

(കവിത)

ഞാൻ കണ്ട ഏറ്റവും വലിയ പ്രതിഭാസം
പെയ്തിറങ്ങുന്ന ഓരോ മഴത്തുള്ളിക്കും
ഒരു പ്രതീക്ഷയുണ്ട്
തന്റെ വരവും കാത്തിരിക്കുന്ന
മണ്ണിനെ കെട്ടിപുണരാമെന്ന്
ഇതൊരുതരം പ്രണയമാണ്,തന്റെ വരവും
കാത്തിരിക്കുന്ന പ്രിയസഖിയെ ഒരുനോക്കുകാണാൻ
ദൂരങ്ങൾ താണ്ടി, മരച്ചിലകള്ക്കിടയിലൂടെ
പെയ്തിറകുന്ന ആത്മാർത്ഥമായ പ്രണയം
അവര്ക് സാക്ഷിയായി ഇലകളും, പൂക്കളും
അവർ തമ്മിലൊനിക്കുന്നിടത്
കാർമേഘങ്ങൾ ഇല്ലാതാവുന്നു. ഇതാണ് പ്രണയം
മണ്ണിന്റെ മണമുള്ള യഥാർത്ഥ പ്രണയം.

ഗോപിക എം. യു

8 C

(ആസ്വാദനക്കുറിപ്പ്)

# തേനീച്ചക്കൂട്

-പി. നാരായണക്കുറുപ്പ്

കവിതയ്ക്കും നിരൂപണത്തിനും കേരള സാഹിത്യ അക്കാദമിയുടെ അവാർഡ് ലഭിച്ച പ്രമുഖ എഴുത്തുകാരനാണ് പി. നാരായണക്കുറുപ്പ്. 1950 കാലഘട്ടങ്ങളിൽ തിരുവനന്തപുരത്തെ യൂണിവേർസിറ്റിയിൽ വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം നിരവധി പുസ്തകങ്ങളും കവിതകളും എഴുതിയിട്ടുണ്ട്. ചിരിക്കും ചിന്തയ്ക്കും പ്രാധാന്യം നൽകി പ്രസിദ്ധീകരിച്ചിട്ടുള്ള തേനീച്ചക്കൂട് എന്ന കവിതാസമാഹാരം കുട്ടികൾക്കായി പഠനവിഷയമായിരിക്കുന്നു.

ചെറിയ കവിതകളിലൂടെ തന്റെ ജീവിതത്തിൽ കണ്ടുമുട്ടിയിട്ടുള്ളതും പെട്ടെന്നുണ്ടായ കാഴ്ചകളെ കുട്ടിക്കവിതകളാക്കിയും, അദ്ദേഹം ചിന്തിപ്പിക്കാൻ പര്യാപ്തമായ ധാരാളം വിഷയങ്ങളെ ആസ്വാദകർക്ക് പരിചയപ്പെടുത്തി. ഇദ്ദേഹത്തിന്റെ 'ഒന്ന് രണ്ട് മൂന്ന്', 'മാങ്ങയും പറങ്കിമാങ്ങയും', 'പപ്പൻ ജഡ്ജി' എന്നീ കവിതകളിൽ തുടങ്ങി സരസമായ ഭാഷയിൽ ആസ്വാദകർക്ക് നൽകിയും,

‘കിളിപ്പാട്ട്’, ‘ലഹരക്കാർ’, ‘ഒരു പഴയ കഥ’ എന്നീ കവിതകൾ, സരസമായതു മാത്രമല്ല ഗൗരവകരമായ ചിന്താവിഷയം കൂടിയാണ്. ഇദ്ദേഹത്തിന്റെ ‘ഈയാംപാറ്റ’, ‘കടുവ’, ‘കണ്ടപ്പൻ കേളപ്പൻ മിണ്ടപ്പൻ’, തുടങ്ങിയ ചില കവിതകൾക്ക് മലയാളത്തിലെ എക്കാലത്തേയും ബാലികാബാലന്മാരുടെ കൂട്ടുകാരനും പൊക്കമില്ലായ്മ പൊക്കമാക്കിയ കു ഞ്ഞുണ്ണിമാഷിന്റെ കവിതകളോട് സാമ്യമുള്ളതുമാണ്. ഏഴോളം പുരസ്കാരങ്ങൾ നേടിയിട്ടുള്ള ഇദ്ദേഹം നിരൂപണഗ്രന്ധങ്ങളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇത്തരം കവിതകൾ വിദ്ധ്യാർത്ഥികൾക്ക് പഠനവിഷയമാക്കേണ്ടതുമാണ്

**ഫിദ സത്താർ**
**9E**

# ജീവിത നൗക

(കവിത)

ജീവിതമാം പന്ഥാവിൻ
നാം കുടിക്കും കയ്പുനീരെല്ലാം
അമൃതായി മാറുമെന്ന
പ്രതീക്ഷ വൃഥാവിലല്ലേ
ഒരു വേദന തീരും മുമ്പേ
മറ്റൊന്ന് വന്നു കഴിഞ്ഞു
ജീവിതത്തിൽ വേദന നാളുകളിൽ
കച്ചി തുരുമ്പിൽ പ്രതീക്ഷ ഉറപ്പിക്കും
ഒരുതിരി വെട്ടം എനിക്കായി അരിച്ചിറങ്ങുമോ
ഒരു മിന്നാമിനുങ്ങിൻ നുറുങ്ങുവെട്ടം
കത്തിച്ചാമ്പലാകുന്നത് സഹിക്കില്ലൊരിക്കലും

സഹന യാത്രയിൽ മുതൽ കൂട്ടായി
കിട്ടിയ ചുറ്റു ചുറുക്കും കർമ്മപഥവും
ഇടിഞ്ഞു വീണില്ലാതാവുന്നോ
താങ്ങാനാവുന്നതിനുമപ്പുറം

എൻ ഈശോയെ വിളിച്ചു കേണു ഞാൻ
എൻ യാമങ്ങൾ നിദ്ര വിഹീനങ്ങളായി
ദൈവം കൈമുതലായി തന്ന

**പിരുപിരുപ്പും ചൊടിത്തവും**
**അസ്തമിച്ചു പോകുന്നോ**
**എൻ ദൈവമേ സർവ്വശക്ത**
**എൻ മനോ നൊമ്പരം കാണണമേ**

**മഹത്തായ സി എസ് എസ്  ടി തൻ**
**സ്ഥാപനത്തിൽ സേവനം അനുഷ്ഠിക്കവേ**
**വന്നു ചേരും പ്രതിബന്ധങ്ങൾ**
**രോഗങ്ങൾ സഹനയാത്രകൾ**
**ഒന്നൊന്നായി വെട്ടിവെട്ടി മുന്നേറവെ**
**എൻ സൃഷ്ടാവിൻ ദൈവഹിതത്തിനു മുമ്പിൽ**
**കുമ്പിടുന്നു ഞൻ വന്നു ചേരട്ടെ**
***ജീവിതത്തിൻ അന്ത്യ വീഥിയിൽ.***



*Patsy D'Cruz*
*HST Social Science*

# സ്വതന്ത്ര ഭാരതമാം ഭൂമി

(കവിത)

ഭാരതഭൂമി എൻ അമ്മയായി
കാണും എന്നും ഞാനും
സ്നേഹത്തിന് നാരു വിത്ത് തൂകി
എന്റെ മനസ്സ് നിറക്കുന്ന ഭൂമി

സ്വാതന്ത്ര്യത്തിൻ ചിഹ്നമാം
പലവർണ്ണകൊടി തൂകിയതാ
ഭാരത ഭൂമി എന്നെയും
കോടിതൻ അവകാശികളെയും
നോക്കി മന്ദം തൂകുന്നതായി ഭൂമി
സമാധാനത്തിൻ വെള്ളരി പറന്നു
നടക്കുന്നതാ കാണ്മൂ

***ജയ് ഹിന്ദ്***



***എലിസബത്ത് ലിബിയ***
***9 A***

# MY LOVER (poem)

The one who loves me the most,
The one who find me
When I'm lost
Mother , my lover.

You show me the way to light
From where I stand
As you avoid your happiness
For your child
You relax me
When I cry with pain
Mother, my lover.

You won't make me starve
Won't make me upset
You find me from darkness,
Wash and mop the dust inside my body,
*Mother my lover*

***Pooja Sajeev***
***9B***

# FUN QUIZ

1) Who is the founder of wiper limited?

Ans: Azim premiere

2) Who has received the highest number of one day international cricket 'Man of the match' awards?

Ans: Sachin Tendulkhar

3)Which is the PH value of the blood?

Ans: 7.4

4)Highest mountain per in India?

Ans: kanchenjunga

5)Which instruments used for measuring wind speed?

Ans: Anemometer

6)first English newspaper in India was....

Ans: The Bengal Gazette

7)Which mosquito spread Zika

Ans: EDS Egypt mosquito

8)The great 'Victoria Desert' is located in?

Ans: Australia

9)Indian Army day?

Ans: January- 15

10)Prince of mathematicians?

Ans: Carl Friedrich Gauss



(കവിത)

# അമ്മ

കണ്ണായിരുന്ന അമ്മ പിന്നീടു കണ്ണിലെ കരടായി മാറി
മുലപ്പാലിന്റെയും മാറിലെച്ചൂടിൻെറയും
ലാളനയുടെയും കടംവീട്ടിയങ്ങയച്ചു വൃദ്ധസദനമെന്ന
പുരാവസതുകേന്ദ്രത്തിലേക്ക്.

കണ്ണും പിന്നീട് കണ്ണിലെ കരടുമായമ്മയുടെ
കണ്ണിലേക്ക് മരണമരിച്ചു കേറുമ്പോഴുമാ
പുരാവസ്തുവിന്റെ കണ്ണുകൾ തേടുന്നു
മനുഷ്യത്വമില്ലാത്ത പൊന്നോമനകളെ .

-

**ആൻസ്സു**

*9 D*

# തോറ്റം പാട്ട്

(പുസ്തക നിരൂപണം)

ജി. ശങ്കരപ്പിള്ളയുടെ ഈ നാടകത്തെപ്പറ്റി ശ്രീ. എൻ കൃഷ്ണപിള്ള അവതാരികയിൽ ഇങ്ങനെ പറയുന്നു: "അസാധാരണവും അതിവിശിഷ്ടവുമായ ഒരു ഏകാങ്കനാടകം ഞാൻ അവതരിപ്പിക്കുകയാണ്. പരപ്പും ആഴവുമുള്ള അത്തരം ഒരു കഥാവസ്തുവിനെ ഏകാങ്കനാടകമെന്ന ചിമിഴിലടയ്ക്കുവാൻ ഒരാൾ സന്നദ്ധനാവുക ധീരമായ ഒരു കാൽവയ്പ്പാണ്."

ഗ്രന്ഥാലോകത്തിഗ്രന്ഥാലോകത്തിൽ ഈ കൃതിയെ നിരൂപണം ചെയ്തുകൊണ്ട് ശ്രീ. എസ്. ഗുപ്തൻ നായർ ഇങ്ങനെ എഴുതി : "ശ്രീബുദ്ധന്റെ മഹാപരിത്യാഗത്തെ അഥവാ മഹാനിഷ്ക്രമണത്തെ ഒരു ഏകാങ്കനാടകത്തിന്റെ രൂപത്തിൽ ആവിഷ്കരിച്ചിരിക്കുകയാണ് ശ്രീ .ജി. ശങ്കരപ്പിള്ള...

വിദഗ്ധനായ ഒരു ഹോക്കികളിക്കാരൻ പന്തു മുന്നോട്ടു കോണ്ടുപോകുന്ന പ്രതീതിയാണ് നാടകക്കാരൻ നമ്മിലുളവാക്കുന്നത്... വികാരങ്ങളുടെ ആരോഹണാവരോഹണങ്ങൾ അത്ര സുലഭമല്ലാത്ത

നിയന്ത്രണബോധത്തോടെ ഈ നാടകത്തിൽ നമുക്ക ദർശിക്കാം.

ഒരേകാങ്കനാടകത്തിനാകാവുന്ന വൈവിധ്യത്തോടുകൂടി

രംഗസജ്ജീകരണവും പാത്രസംവിധാനവും നിർവഹിച്ചിട്ടുമുണ്ട്.

ഇവയൊക്കെയാണ് ഈ നാടകകാരന്റെ വിജയത്തിന്

വഴിതെളിച്ച വസ്തുക്കൾ." ***കേരളകൗമുതിയുടെ അഭിപ്രായത്തിൽ ഇത്രമാത്രം വികാരതീക്ഷ്ണതയുള്ള ,ഔചിത്യബോധം കൈവെടിയാത്ത, രചനാവൈഭവം പൂർത്തീകരിക്കുന്ന ഒരൊറ്റ ഏകാങ്കനാടകവും ഇന്നുവരെ മലയാളത്തിൽ ഉണ്ടായിട്ടില്ല. അസാധാരണവും അതിവിശിഷ്ടവുമാണ് ഈ ഗ്രന്ഥം.......***

***അതുല്യ പി എസ്***
*10 D*



(കഥ)

# സ്നേഹനൊമ്പരങ്ങൾ....

**************************

തിങ്കളാഴ്ചയാണ് ബാങ്കിൽ ജോയിൻ ചെയ്യണ്ടത്.. കൊണ്ടുപോകാനുള്ള പെട്ടി ഒതുക്കി വെക്കുകയാണ് മാളൂട്ടി.. ഡ്രെസ്സുകൾ തേച്ച് മടക്കി അടുക്കി വെച്ചു .....

നെഞ്ചിലാകെ ഒരു വിങ്ങൽ........

മനസ്സ് നാലഞ്ചു വർഷം പുറകിലേക്ക് പോയി.........

.......................................................

ഡിഗ്രി ഫൈനൽ ഇയർ സ്റ്റഡി ടൂർ...
ഒരാഴ്ച വീട്ടിൽ നിന്ന് മാറി ഫ്രണ്ട്സിനോടൊപ്പം എൻജോയ് ചെയ്യാൻ പോകുന്നതിന്റെ ത്രില്ലിലായിരുന്നു..
കൊണ്ടുപോകാനുള്ള സാധനങ്ങൾ എടുത്ത് വെക്കുവാൻ റൂമിലേക്ക് ചെല്ലുമ്പഴാണ്..

"മാളൂട്ടീ... ദേ നോക്കു, കൊണ്ടോവാനുള്ളതൊക്കെ എടുത്ത് വെച്ച്ണ്ട് ട്ടോ അമ്മ.. ദാ ഈ സൈഡിലെ അറേല് രാസ്നാദിപൊടീം ഭൃംഗാമലകാദി വെളിച്ചെണ്ണേം വെച്ച്ണ്ട്.. എന്നും എണ്ണ തേച്ച് കുളിക്കണട്ടോ.... എണ്ണ തേക്കാണ്ടെ കാറ്റ് കൊള്ളിച്ച് അഴിച്ചിട്ട് ആ മുടി കളയരുത് വരുമ്പളേയ്ക്ക് "

"എന്തിനാമ്മേ... തൊടങ്ങി അമ്മേടെ വട്ട്... ഇതൊന്നും വേണ്ട.. ഞാൻ കോളേജീന്ന് ടൂറ് പോണതാ.. അല്ലാണ്ടെ എണ്ണ തേച്ച് കുളിച്ച് സുഖവാസത്തിനല്ല "

"അതല്ല മാളൂട്ടീ...കണ്ട വെള്ളത്തിലൊക്ക്യല്ലേ കുളിക്ക്യാ... എണ്ണേം കൂടി തേച്ചില്ലാച്ചാ മുട്യൊക്കെ പോവും..... വെള്ളം മാറിക്കുളിച്ചാ വല്ല ജലദോഷോം വന്നാലോ... ഇവിടിരിക്കുമ്പോ അമ്മയ്ക്കൊരു സമാധാനം ണ്ടാവില്യാ... അതോണ്ടല്ലേ..."

"തൊടങ്ങീലോ അമ്മേം മോളും.. എന്താ അവടെ..? ഈ ന്യൂസൊന്ന് കാണാൻ സമ്മതിക്കരുത് ട്ടോ.."

" കണ്ടോ അച്ഛാ... അമ്മേടെ വിചാരം ഞാനിപ്പളും ഉള്ളക്കുട്ട്യാന്നാ.... ന്റെ ഫ്രണ്ട്സൊക്കെ എപ്പളും കളിയാക്കും 'അമ്മേടെ കുഞ്ഞുവാവ' ന്ന് വിളിച്ച് ..... അവര്ടെ വീട്ടിലേക്കൊക്കെ ഒരൂസത്തേക്ക് പോയാലും ണ്ടാവും ന്റെ ബാഗില് എണ്ണേം, രാസ്നാദിപൊടീം കസ്തൂര്യാദി ഗുളികേം ഒക്കെ.. ഞാൻ വല്യ കുട്ട്യായീന്ന് അമ്മയ്ക്ക് ബോധല്യ... പിന്നെങ്ങന്യാ ദേഷ്യം വരാണ്ടിരിക്ക്യ..... "

അച്ഛനപ്പോ അടുത്തേക്ക് വിളിച്ച് ശബ്ദം താഴ്ത്തി പറഞ്ഞു..

"നിനക്കെന്താ കുട്ടീ, അമ്മ തരുമ്പോ അതങ്ങട് എടുത്ത് വെച്ചൂടേ ? നീ അത് ഉപയോഗിക്കണില്യാച്ചാ വേണ്ട. തന്നിട്ട് കൊണ്ടോവാണ്ടിരുന്നാ അത് മതി നിൻറമ്മയ്ക്ക് ഇന്ന് കരയാൻ.. അതൊരു തൊട്ടാവാട്യാന്ന്

നിനക്കറിഞ്ഞൂടേ.. എന്തിനാ പോവാൻ നേരത്ത് വെറുതെ

പ്രശ്നണ്ടാക്കണത് മാളൂ...? "

അച്ഛൻ പറയണത് കേട്ടപ്പോ ദേഷ്യാ വന്നത്..

''അച്ഛനാ ഈ അമ്മേ വഷളാക്കണത്.. അമ്മയ്ക്ക് വെഷമാവുംന്ന് പറഞ്ഞ്

അമ്മ പറയണതൊക്കെ ന്റെ ഇഷ്ടം നോക്കാണ്ടെ അനുസരിപ്പിച്ച്....ഹും....

''

മുഖം വീർപ്പിച്ച് പെട്ടി എടുത്ത് വെച്ചു. അപ്പൊ അമ്മ ചിരിക്കണത് കണ്ടു..

''ഹും.. എനിക്ക് ചിരിയൊന്നും വരണില്യ.. അമ്മേടെ വാശി ജയിച്ചൂന്നാ

വിചാരം... വല്യ കാര്യായി.. ഞാനിത് എടുത്ത് വെച്ചൂന്നല്ലേ ഉള്ളൂ..

ഉപയോഗിച്ചിട്ട് വേണ്ടേ.. അല്ല പിന്നെ...''

കോളേജിലെത്തി ബസ്സിലേക്ക് കയറുമ്പോ അമ്മ കെട്ടിപ്പിടിച്ച് നെറ്റിയില്

ഉമ്മ തന്നപ്പളും ചിരിക്കാൻ പോയില്ല...മുഖം വീർപ്പിച്ച് ബസ്സിലേക്ക്

കയറീപ്പോ ഗ്രീഷ്മേം നയനേം കളിയാക്കി..

" വന്നൂലോ അമ്മേടെ കുഞ്ഞുവാവ.. എന്താടോ അമ്മയോട് വഴക്കിട്ടോ?

മുഖം കൊട്ട പോലെ ഉണ്ടല്ലോ ??"

ഒന്നും മിണ്ടാൻ പോയില്ല

ബസ് നീങ്ങി കുട്ടികളൊക്കെ ആർപ്പും ബഹളോം തുടങ്ങീപ്പോ ഉത്സാഹായി..

പാട്ടും കൂത്തുമൊക്കെയായി ഉഷാറായി..

കോയമ്പത്തൂര് കഴിഞ്ഞപ്പോ ജാൻസി മിസ്സിന്റെ ഫോണിലേക്ക് ഒരു കോൾ

വരുന്നത് കണ്ടു. ഫോൺ വെച്ച് മിസ്സ് മറ്റ് ടീച്ചേഴ്സിനെ വിളിച്ച്

എന്തൊക്കെയോ ഡിസ്കസ്സ് ചെയ്യുന്നുണ്ട് .. പിന്നെ ഡ്രൈവറുടെ അടുത്ത് ചെന്ന് ചെവിയിൽ മെല്ലെ എന്തൊക്കെയോ പറയുന്നതും ശ്രദ്ധിച്ചു.

"ടീച്ചേഴ്സൊക്കെ എന്നെ നോക്കുന്നുണ്ടോ...

ഏയ്... തോന്നണതാവും"

ബസ്സ് കുറച്ചു നേരം അവിടെ നിർത്തിയിട്ടു. ജാൻസി മിസ്സ് പുറത്തിറങ്ങി ആരെയൊക്കെയോ വിളിക്കുന്നതും സംസാരിക്കുന്നതും കണ്ടു.

നിർമ്മല മിസ്സ് ഗ്രീഷ്മയേയും നയനയേയും അടുത്തേക്ക് വിളിച്ച് എന്തൊക്കെയോ പറഞ്ഞു.

അവരുടെ മുഖം വല്ലാതാവുന്നത് ശ്രദ്ധിച്ചു..

"എന്താണാവോ പ്രശ്നം.. ആകെ ഒരു പന്തികേട്..."

ഗ്രീഷ്മയും നയനയും അടുത്ത് വന്നിരുന്നപ്പോ ചോദിച്ചു

" എന്താ പ്രശ്നം?"

"ഒന്നുല്ലെടോ.. ടൂർ കാൻസൽ ചെയ്തു"

" അതെന്താ?'

അപ്പോഴാണ് ജാൻസി മിസ്സ് പറഞ്ഞത്

" ഡിയർ സ്റ്റുഡൻസ്, നമ്മൾ ഇപ്പോൾ തിരിച്ചു പോവുകയാണ്.. ചില പ്രശ്നങ്ങളുണ്ട്..ടൂർ പിന്നൊരിക്കലാവാം..."

ആരും മിണ്ടുന്നില്ല...ഒന്നും മനസ്സിലായില്ല...

ബസ് പിന്നെ എവിടെയും നിർത്താതെ തിരിച്ച് പോന്നു.

"ഇതെന്താ ബസ് കോളേജിലേക്ക് തിരിയാത്തത്..?"

"എന്താ മിസ്സ് , കോളേജിലേക്കല്ലേ...?"

മിസ്സ് ചോദ്യം കേട്ടതായി ഭാവിക്കുന്നില്ല.. മനസ്സിലാകെ ഒരസ്വസ്ഥത....

കണ്ണടച്ചിരുന്നു.. ബസ്സ് നിന്നപ്പോഴാണ് കണ്ണ് തുറന്നത്

"എന്താ എന്റെ വീടിന് മുന്നിൽ നിർത്തീത്.... "

മുറ്റത്ത് നിറയെ ആൾക്കൂട്ടം.... ബസ്സ് വന്ന് നില്ക്കുന്നത് കണ്ട് എല്ലാവരും

സഹതാപത്തോടെ നോക്കുന്നുണ്ട്....

മനസ്സ് പിടഞ്ഞു.... സ്നേഹനൊമ്പരങ്ങൾ....

''ഈശ്വരാ... എന്താണാവോ...... ''

ഗ്രീഷ്മയും നയനയും രണ്ട് കയ്യിലും അമർത്തിപ്പിടിച്ചു.... വിറക്കുന്ന

കാലുകളോടെ അകത്തേക്ക് നടക്കുമ്പോൾ ആൾക്കൂട്ടത്തിൽ നിന്ന് ആരോ

മെല്ലെ പറയുന്നത് കേട്ടു... "കുട്ട്യ ടൂറിന് പറഞ്ഞയച്ച് തിരിച്ച് വന്ന്

ഓഫീസിലേക്ക് ഇറങ്ങീതാ....

റോഡിലേക്ക് കടന്നപ്പോ പുറകീന്ന് ഒരു ലോറി വന്ന് ഇടിച്ച്

തെറിപ്പിക്ക്യാർന്നു.... അപ്പൊ തന്നെ കഴിഞ്ഞൂന്നാ കേട്ടത്....."

അകത്തേക്ക് കയറി... വെള്ളപുതച്ച കിടക്കുന്ന അമ്മയെ ഒരു നോട്ടം

മാത്രേ കണ്ടുള്ളു........ പിന്നെ ബോധം വരുമ്പോ പറമ്പിന്റെ അറ്റത്ത്

അമ്മയുടെ ചിത എരിയുന്നുണ്ടായിരുന്നു.....

..............................................

അമ്മ എപ്പോഴും പറയുമായിരുന്നു..

" അമ്മക്ക് ആഗ്രഹത്തിനൊത്ത് പഠിക്കാൻ സാഹചര്യങ്ങളുണ്ടായില്യ..

അതോണ്ട് ആശിച്ച ജോലി നേടാനും പറ്റീല്യ...

ന്റെ മാളൂട്ടി പറ്റണത്രേം പഠിക്കണം...

നല്ല ജോലി നേടണം... സ്വന്തം കാലിൽ നിന്നിട്ട് മതി കല്യാണൊക്കെ " ന്ന്

"അമ്മേ.... അമ്മ ആശിച്ച പോലെ മാളൂട്ടിക്ക് നല്ല ജോലി തന്നെ കിട്ടി.....

നാഷണലൈസ്ഡ് ബാങ്കില് മാനേജരായിട്ട്.....

മാളൂട്ടി നാളെ പോവാ.. ജോയിൻ ചെയ്യാൻ....

ഒരു നിമിഷം അമ്മ ന്റെ മുന്നിലൊന്ന് വര്വോ.......

മാളൂട്ടീടെ പെട്ടി ഒതുക്കിത്തന്ന്.... നെറ്റിയില് ഉമ്മ വെച്ച് അനുഗ്രഹിച്ച് യാത്രയാക്കാൻ......

ഒരേയൊരു നിമിഷം........."

പൊട്ടിക്കരഞ്ഞു പോയി..........

അച്ഛന്റെ ചോദ്യമാണ് ഉണർത്തിയത്...

" കുട്ടി കരയാണോ?

ലീവ് കിട്ടുമ്പളൊക്കെ വരാലോ.. പിന്നെന്താ..

കൊണ്ടു പോകാനുള്ളതൊക്കെ എടുത്തു വെച്ചോ ? ബാംഗ്ലൂര് സിറ്റീല് കിട്ടാത്തത് ഒന്നൂല്ല.. എന്നാലും അവിടെ സ്ഥലൊക്കെ ഒന്നു പരിചയാവണത് വരെക്ക് ള്ളത് കൊണ്ടുക്കോളൂ... ഇനി വല്ലതും വാങ്ങാനുണ്ടോ കൊണ്ടോവാൻ? വേണെങ്കി ഞാൻ പോയി വാങ്ങാം "

" ഉവ്വച്ഛാ...... വേണം.....

രാസ്നാദിപ്പൊടി.... ഭൃംഗാമലകാദി വെളിച്ചെണ്ണേം.......

അതിനമ്മേടെ മണാ.......... അതെങ്കിലും കിട്ടൂലോ എനിയ്ക്ക്...........

..........................................

.........................................."

**DR.RAJANI K P**

**HST Saskrit**



(Write-Up)

# Mathematics

Mathematics includes the study of such of such topics as quality,structure, space, and change. It has generally accepted definition mathematics seek and use patterns to formulate new conjectures; they resolve the truth or falsity of conjectures by mathematical proof. More advanced grace over 2,500 years ago. Ancient mathematician
pythagorically had questions about the sides of a right triangle. Mathematics is the science that deals with the logic of shape, quantity and arrangement. Math is all around us, in every thing we do.... The needs of Math arose based on the wants of society. The complex a society, the more complex the mathematics needs.

**Diyamol MR**
**10 D**



# നല്ല കൂട്ടുകാർ

കാക്കയും പൂച്ചയും കൂട്ടുകൂടി
കിട്ടുന്നതൊക്കയും പങ്കുവച്ചു.
കാക്കയ്ക്കു നേർപാതി നൽകിയല്ലോ
പൂച്ചയ്ക്കു കിട്ടിയ മീനൊരെണ്ണം
നല്ല ചങ്ങാതിമാർക്കില്ല നഷ്ടം
നൽകിയാൽ മാത്രമേ നേടുകുള്ളൂ.



**വെറോനിക്ക റോസ്**
**6 D**

(കഥ)

## അഗ്നിദേവനും കിളിക്കുഞ്ഞുങ്ങളും

ഖാണ്ഡവം എന്നൊരു വലിയ കാടുണ്ടായിരുന്നു. ആ കാട്ടിൽ ഒത്തിരി മൃഗങ്ങൾ താമസിച്ചിരുന്നു.

ഖാണ്ഡവവനത്തിലെ ഒരു മരത്തിൽ ഒരു പെൺകിളി കൂടുകെട്ടി താമസിച്ചിരുന്നു. ജരിത എന്നായായിരുന്നു അവളുടെ പേര്.

അങ്ങനെയിരിക്കെ ജരിത നാല് മുട്ടകളിട്ടു. വൈകാതെ മുട്ടകൾ വിരിഞ്ഞു കുഞ്ഞുങ്ങൾ പുറത്തു വന്നു. മിടുക്കന്മാരായ നാലു കുഞ്ഞുങ്ങൾ ജരിതയും കുഞ്ഞുങ്ങളും വളരെ സന്തോഷത്തോടെ അവിടെ കഴിഞ്ഞു. പെട്ടെന്ന് ഒരു ദിവസം ഖാണ്ഡവവനത്തിനു തീ പിടിച്ചു. തീ ആളപ്പടരുന്നതു കണ്ട് ജരിത കരയാൻ തുടങ്ങി. ഹയ്യയ്യോ! ഞാനിനി എന്തു ചെയ്യും? “അമ്മ പറന്നു രക്ഷപ്പെട്ടോളൂ. ഞങ്ങൾ ഇവിടെ തന്നെ ഇരുന്നു കൊള്ളാം. ഞങ്ങളെ ഓർത്ത് അമ്മ വിഷമിക്കേണ്ട.” അമ്മകരയുന്നതുകണ്ട് കുഞുങ്ങൾ പറഞ്ഞു.

ഉടനെ ജരിത കുഞ്ഞുങ്ങളോട് പറഞ്ഞു. “മക്കളേ, മരച്ചുവട്ടിൽ ഒരെലിയുടെ മാളമുണ്ട് നിങ്ങൾ തൽക്കാലം അതിൽ കയറി രക്ഷപെടൂ.” കുഞ്ഞുങ്ങൾ അതിനു തയാറായില്ല. അവർ പറഞ്ഞു അമ്മേ , എലി പിടിച്ചു വിഴുങ്ങുന്നതിലും ഭേദം തീയിൽ മരിക്കുന്നതാണ്. അമ്മ പോകൂ.

പാവം ജരിത. എന്തു ചെയ്യാൻ? അടക്കാനാവാത്ത വിഷമത്തോടെ പറന്നുപോയി. അഗ്നി ആളിപ്പടർന്ന് മരത്തിനടുത്തെത്തി. ഉടനെ കുഞ്ഞുങ്ങൾ ഇങ്ങനെ പറഞ്ഞു. “അല്ലയോ അഗ്നി ദേവാ ഞങ്ങളെ രക്ഷിക്കാൻ അമ്മയും അച്ഛനുമില്ല. പറക്കാൻ ചിറകില്ല. ഞങ്ങളെ അവിടുന്നുതന്നെ രക്ഷിക്കണം.” കിളിക്കുഞ്ഞുങ്ങളുടെ അപേക്ഷ കേട്ട അഗ്നിദേവൻ അവരെ ഉപദ്രവിക്കാതെ കടന്നു പോയി. അല്പം കഴിഞ്ഞപോൾ ജരിത മടങ്ങിയെത്തി. കുഞ്ഞുങ്ങൾ ജീവനോടെയിരിക്കുന്നതു കണ്ട് ആ അമ്മയ്ക്ക് സന്തോഷമായി. പിന്നീടുള്ള കാലം അവർ സുഖമായി കഴിഞ്ഞു.

**മേരി സെഫി**

9 D

(story)

# Two Pots

Long long ago there lived a hard working artisan by the name Beamiam. He used to carry water to his land lords house in the two pots that are tied on either side of a log. One pot was leaking, while the other pot was perfect.

One day as Beamiam was carrying water the perfect pot said to the leaking pot “ha ha ha ha You are broken and of no no use to the owner. You waste more than half of how much water he carries. I am more useful, I am more helpful to him than you. Am I superior to you.” The perfect pot felt greater all the time and it related the leaking one and so the leaking pot felt very bad that bit is not being able to be useful to Beamiam. It felt ashamed that it cannot carry water like the perfect pot.

One day Beamiam was carrying water. The leaking pot said to him. “Dear Beamiam please exchange me for a better one.” He said “But why”. It continued saying “I am not able to carry all the water. The crack in me are leaking it. I am a burden to you and I am of no use.”

Beamiam understood the misery. He said “Don’t feel bad look at the flowers lying next to you.” The pot turn to its side with curiosity. It was vert thrilled about seeing them. Then Beamiam said “If you observe it, those flowers are only on your side and not on the other side. When I am

carrying water. I will make sure that the water you are leaking is going to those flowers. While are you still prayers. If it wasn't for you and the water you give. There would be no flowers to offers to offer to God. Do you see how useful you are now".

The leaking pot thanked Beamiam. The perfect pot heard the talk and felt very sorry for its behaviour. It apologized to leaking pot saying "forgive me my friend I insulted you by stressing your weakness. I realize my mistake." Beamiam, heard everything and answered "You are both useful to me. When you are together let's stick with each other and work happily ever after.

**MORAL OF THE STORY: WE SHOULD NOT BE LITTLE IN ANYONE BY MAKING FUN OF THEIR WEAKNESS WE CAN ONLY HELP ONE ANOTHER AND GROW STRONGER TOGETHER.**

**Nourin V M**
**9 A**



(കവിത )

# വിശ്വസംഗീതമേ

അനർഘസംഗീതമേ ആനന്ദമേ
ആത്മാവിലൊഴുകുന്ന നവ ഗീതമേ
നിൻ ദിവ്യ വേണുവായ് മാറ്റുമോ നീ എന്നെ
നിൻ സ്വർഗ്ഗ ഗാനമായ് തീർക്കുമോ നീ.

ഓ ...വിശ്വസംഗീതമേ
നിൻ സ്വരമാധുരി എന്നിൽ നിറയ്ക്കൂ
ഓ ............വിശ്വചൈതന്യമേ
നിൻ ദീപ്ത സ്നേഹമെന്നിൽ തെളിക്കൂ
മൂകമായ് തേങ്ങുമെൻ മാനസവീണയെ
നിൻ ശ്രുതി മീട്ടിയൊന്നുണർത്തുമോ നീ
നിൻ ജീവരാഗമെൻ ഹൃദയ തംബുരുവിൻ
നീറുമാ തന്ത്രിയിലൊഴുക്കുമോ നീ
നിൻ സ്നേഹ ഗാന പ്രവാഹമായ് മാറുവാൻ
ഈ മൺവീണയെ അനുവദിക്കൂ നാഥാ
ഈ മുരളികയെ ഒന്നനുഗ്രഹിക്കൂ
നിൻ സ്വർഗരാഗത്തിൽ പല്ലവി പാടുവാൻ
പതിതനാമെന്നെയും നീ വിളിക്കൂ നാഥാ
ഈ പാഴ്മുളം തണ്ടിനെ അനുവദിക്കൂ .........

സുജ എബ്രഹാം

( HST Social Science)

# BETRAYED

**Betrayed. I stood there by the creek,**
**the breeze billowing through my hair.**
**Cold, it whipped across my cheek**
**as tears dripped, wetting my skin, so bare,**

**Resentment. It made a mark.**
**It welled up in my chest.**
**The night then became more dark,**
**It will never let me rest**

**Hatred. As I close my eyes,**
**the bitterness so does pierce.**
**Shredding me, it's on the rise,**
**It's feeding on my tears.**

**Lies. The way he'd looked at me**
**He'd made my soul alive.**
**His smiling blue eyes like the sea**
**Inside, I'd wished to jive.**

**Betrayed, that burning Rivulet.**
**choked the happiness I'd owned**
**It ripped my trust, torn apart**
**and left me abandoned.**

**Love. A notion. Just a lie**
**An illusion pulling you in**

So foolish, I'd fallen for a guy
He'd burned me from within

The days he'd said he loved me so
I'm all he ever did need
I'd thought him sweet, his smile a glow
I'd loved him, such a greed!

I no more can feel the pain
My body's just so numb.
The tears flow on, a lasting rain
to pain, my soul shall succumb

**Safa Manhal**
**10 B**



# കളിച്ചു രസിച്ചു പഠിക്കാം

(ലേഖനം )

ഈ തലമുറയെ രക്ഷിക്കേണ്ടത് അദ്ധ്യാപകരായ നമ്മുടെ കടമ കൂടിയാണ് .കുഞ്ഞുങ്ങളെ മാനസിക പിരിമുറുക്കങ്ങളിൽ നിന്നും കളികളിലൂടെ പുറത്തു കൊണ്ടുവരാനാകും .കളിച്ചു രസിച്ചു പഠിക്കട്ടെ ;നമ്മുടെ കുട്ടികൾ മിടുക്കരാകും.നമുക്കും ഒരു ബാല്യം ഉണ്ടായിരുന്നില്ലേ ?സ്കൂളിൽ നിന്നും വീട്ടിലേക്കു വരുന്നത് കളിക്കാൻ പോകുവാനുള്ള തിരക്കിലാണ്.ഇന്നത്തെ കുട്ടികൾ,വീട്ടിലേക്കു വന്നാൽ മൊബൈൽ ഫോൺ കൈക്കലാക്കി ഒരിടത്തു ഒതുങ്ങികൂടാൻ ആഗ്രഹിക്കുന്നവരാണ്.പുതിയ ആശുപത്രികൾ നമ്മുടെ പരിസരത്തു ഉയർന്നു വരുമ്പോൾ ,അടുത്ത ഇര നമ്മുടെ കുഞ്ഞുങ്ങൾ ആണെന്ന് ഓർമിക്കുക.ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സിന് സ്ഥാനമുള്ളൂ.ഈ തലമുറയെ ആരോഗ്യത്തോടെ വളരാൻ അനുവദിക്കാം ,അവസരമൊരുക്കാം.

സൈന എ വി
സീനിയർ കായിക അദ്ധ്യാപിക



# DIGITAL PAINTING



**Samvritha Ajith**
**IX D**





**SAMVRITHA AJITH**

**IX D**



# നന്ദി...........